**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3967** **09-10-2025 - ൽ മറുപടിയ്ക്ക്**

**മിൽമ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മിൽമ ബ്രാൻഡിങ്ങിൽ സർക്കാർ പുറത്തിറക്കുന്ന ഉൽപ്പന്നങ്ങൾ ഏതൊക്കെയാണ്; മിൽമ നേരിട്ട് ഉൽപ്പാദനവും വിപണനവും നടത്തുന്നവയും മറ്റു നിർമ്മാതാക്കളിൽ നിന്ന് സംഭരിച്ച് മിൽമ ബ്രാൻഡിങ്ങിൽ വിൽപ്പന നടത്തുന്നവയും തരം തിരിച്ച് അറിയിക്കുമോ; | (എ) | മിൽമ നേരിട്ട് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ<br><br>പാൽ, തൈര്, നെയ്യ് , പനീർ, റിഫ്രഷ് മാംഗോ, ഐസ്ക്രീം, യോഗർട്ട്, പേട, പാലട മിക്സ്<br><br>കസ്റ്റം പാക്കിങ്ങ് ചെയ്യുന്ന ഉൽപ്പന്നങ്ങൾ<br><br>മിൽമ ജ്യൂസ് , മിൽമ പ്ലസ് ക്യാൻ, ഗോൾഡൻ മിൽക്ക്, മിൽക്ക് ഷേക്ക്, യു എച്ച് ടി മിൽക്ക്, ടെൻഡർ കോക്കനട്ട് വാട്ടർ, പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ, ഒസ്മാനിയ ബട്ടർ ബിസ്കറ്റ്, ബട്ടർ ഡ്രോപ്സ്, പുളിശ്ശേരി മിക്സ്, കാഷ്യൂ വിറ്റ, പായസം മിക്സ്, ബട്ടർ ഇടിയപ്പം, ഗീ ഉപ്പുമാവ് |
| (ബി) | മറ്റുള്ള ഉൽപ്പാദകരിൽ നിന്നും സംഭരിച്ച് വിപണനം നടത്തുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ; | (ബി) | ഭക്ഷ്യവസ്തുക്കളുടെ കാര്യത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നത് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI) ആണ്. ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥലങ്ങളുടെ ശുചിത്വം, ഉപകരണങ്ങൾ, തൊഴിലാളികളുടെ ആരോഗ്യം, ഉത്പാദന പ്രക്രിയകൾ എന്നിവയ്ക്ക് FSSAI കർശനമായ മാനദണ്ഡങ്ങൾ (schedule 4) നിശ്ചയിച്ചിട്ടുണ്ട്. മിൽമയുടെ കസ്റ്റം പാക്കിംഗ് ഉത്പാദനം എല്ലാം FSSAI , BIS മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ശുചിത്വവും, ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്ന ആധുനിക പ്രോസസിംഗ് സൗകര്യങ്ങളോടെയാണ് പ്രവർത്തിക്കുന്നത്. |
| (സി) | ജനങ്ങളുടെ വിശ്വാസ്യത ആർജ്ജിച്ച മിൽമ പോലൊരു ബ്രാൻഡ് നെയിം ഉണ്ടായിട്ടും മറ്റു പാൽ പാലുൽപ്പന്ന ബ്രാൻഡുകൾ വിപണിയിൽ വൻ വില്പന മൂല്യം നേടുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കേരളത്തിലെ ക്ഷീരമേഖലയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സ്ഥാപനമാണ് മിൽമ. പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയിൽ മിൽമ വൻ ഉൽപ്പന്ന മൂല്യം നേടിയിട്ടുണ്ട്. എന്നിരുന്നാലും മറ്റ് ഉൽപ്പാദകർക്ക് നമ്മുടെ മാർക്കറ്റിൽ വിപണനം നടത്തുന്നതിന് യാതൊരു തടസ്സവുമില്ല. അതിനാൽത്തന്നെ |

| | | | |
|---|---|---|---|
| | | | സ്വാഭാവികമായ മത്സരം മാത്രമാണ് വിപണിയിൽ ദൃശ്യമാവുന്നത്. |
| (ഡി) | സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും മിൽമയുടെ മുഴവൻ ഉൽപ്പന്നങ്ങളും ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങളിലും മിൽമയുടെ ഉൽപ്പന്നങ്ങൾ ലഭ്യമാണ്. ഏതെങ്കിലും പ്രദേശത്ത് ഉൽപ്പന്ന ലഭ്യത കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി കാലാകാലങ്ങളായി മിൽമ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഇ) | വ്യാപാരി സൗഹൃദമല്ലാത്ത കച്ചവട രീതികളും പരുക്കൻ വിപണന ഇടപെടലുകളും മിൽമ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിൽ നിന്ന് വ്യാപാരികളെ പിന്തിരിപ്പിക്കുന്നു എന്ന ആരോപണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഇ) | കാലാകാലങ്ങളിൽ മാർക്കറ്റിൽ വരുന്ന വ്യതിയാനങ്ങൾക്കനുസരിച്ച് മിൽമയും വിപണന രീതികളിൽ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. എന്നിരുന്നാലും വിപണിയിൽ സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന പോലെ വിപണനം നടത്തുന്നതിന് സഹകരണസ്ഥാപനമായ മിൽമക്ക് ചില പരിമിതികളുണ്ട്. എന്നിരുന്നാലും വ്യാപാരികൾക്ക് പരമാവധി ഗുണകരമാകുന്ന രീതിയിലാണ് മിൽമ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നത്. |
| (എഫ്) | എങ്കിൽ വിപണന വിതരണ രംഗത്തെ ജീവനക്കാർക്ക് മതിയായ പരിശീലനം നൽകിയും ആധുനിക വിപണന വിതരണ സങ്കേതങ്ങൾ ഉപയോഗിച്ച് വിപണന വിതരണ രംഗം കൂടുതൽ വ്യാപാരി സൗഹൃദമാക്കിയും മുഴവൻ മിൽമ ഉൽപ്പന്നങ്ങളും സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും വിതരണം ചെയ്യുന്നു എന്ന് ഉറപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (എഫ്) | മിൽമ ജീവനക്കാർക്ക് മതിയായ പരിശീലന സൗകര്യങ്ങൾ (training) കാലാകാലങ്ങളിൽ നൽകാറുണ്ട്. കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് വിപണന-വിതരണ രംഗം കൂടുതൽ വ്യാപാര സൗഹൃദമാക്കുന്നതിനും, സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങളിലും മിൽമ ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും മിൽമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ